പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2679 28-10-2026-ൽ മറുപടിയ്ക്ക്

ഒഴൂർ ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി. കെ. നവാസ്	ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷൻ, പാക്കേജ് 1 സപ്ലൈ ആന്റ് ലേയിംഗ് ഗ്രാവിറ്റി മെയിൻ എന്ന പ്രവൃത്തിക്ക് ടെണ്ടർ തുകയേക്കാൾ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിക്കും ജലനിധി ഡയറക്ടർക്കും സർക്കാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ?

മറുപടി: പ്രസ്തുത പ്രവൃത്തി കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽപ്പെടുന്നതല്ല; ജലനിധിയുടെ പരിധിയിലാണ് ഉൾപ്പെടുന്നത്.

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമ പഞ്ചായത്തിൽ ജല ജീവൻ പദ്ധതിക്കായി 31.28 കോടി ഭരണാനുമതി ലഭിച്ചിരുന്നു. ടി പദ്ധതിയെ 4 പാക്കേജുകളായി തിരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തത്.

പാക്കേജ്-I – 300mm DI Gravity Main – Tendered PAC – 464.94 L (including GST)

പാക്കേജ്-II – 1 LL Sump, 6 LL OHSR & Pump Set – Tendered PAC – 240.55 L (including GST)

പാക്കേജ്-III – Distribution Net Work & 2667 FHTC - Tendered PAC – 496.79 L (including GST)

പാക്കേജ്-IV - Distribution Net Work & 2667 FHTC - Tendered PAC – 495.88 L (including GST)

നാല് പാക്കേജുകളുടെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്.എന്നാൽ, പാക്കേജ്-1-ൽ 40.87%-ത്തിലധികം അധിക

നിരക്കാണ് കരാറുകാർ ക്വോട്ട് ചെയ്തത്. അനുമതിക്കായി സർക്കാരിൽ സമർപ്പിച്ച പ്രസ്തുത പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മറ്റ് മൂന്ന് പാക്കേജുകളും പാക്കേജ്-1-മായി ബന്ധപ്പെട്ടതിനാൽ കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല. പാക്കേജ്-1 അവാർഡ് ചെയ്യാതെ മറ്റ് പാക്കേജുകൾ നടപ്പിലാക്കാനാവാത്തതിനാൽ, മുഴുവൻ ഒഴൂർ പദ്ധതിയും പുനഃപരിശോധിച്ച് പുതുക്കിയ സ്കീം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റിവൈസ്ഡ് DPR പൂർത്തിയാക്കി ദേശീയ ജൽ ജീവൻ മിഷന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതിയ ടെണ്ടർ നടപടികൾ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ